# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5281 — 05.07.2012-ൽ മറുപടിയ്ക്ക്

### വനം വകുപ്പിൽ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാപോറ്റി | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വനംവകുപ്പിൽ ആധുനീകരണം നടപ്പാക്കുന്നത് സംബന്ധിച്ച് വിദഗ്ധസമിതി പഠനം നടത്തിയിരുന്നുവോ? | എ) നടത്തിയിരുന്നു. |
| ബി) പ്രസ്തുത സമിതി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത് ? | ബി) 6.5.2011 ന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു |
| സി) റിപ്പോർട്ടിൽ ആധുനിക വൽരണം സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു? | സി) വനം വകുപ്പിൽ ആധുനികവത്ക്കരണത്തിനായി സമർപ്പിച്ച റിപ്പോർട്ടിൽ വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട താഴെക്കാണുന്ന വിവിധ മേഖലകളെ സംബന്ധിച്ചുള്ള ശുപാർശകൾ ഉണ്ട്. |

1. വനസമ്പത്ത്, ജൈവവൈവിധ്യം എന്നിവയുടെ പരിപാലനം.
2. വനം വകുപ്പിൽ മാനവ വിഭവശേഷി വികസനവും പരിപാലനവും
3. വനസംരക്ഷണത്തിൽ ആധുനികവത്ക്കരണം.
4. വകുപ്പിൽ നൂതന

സങ്കേതങ്ങൾ ഉപയോഗിക്കൽ

5. വനപരിപാലനത്തിനാവശ്യമായ
   പശ്ചാത്തല സൗകര്യങ്ങൾ
   ഒരുക്കൽ.

6. വൃക്ഷവൽക്കരണത്തിന്
   വലിയതോതിലുള്ള
   പൊതുജനപങ്കാളിത്തം
   ഉറപ്പാക്കൽ.

7. സാമ്പത്തികമായ ഘടകങ്ങൾ.

8. ആദിവാസി സംരക്ഷണം

റിപ്പോർട്ടിലുള്ള 138 ശുപാർശകളിൽ പ്രധാനപ്പെട്ടവ താഴെക്കാണുന്നവയാണ്.

- വനസംരക്ഷണത്തിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ സജ്ജമാക്കൽ
- പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കൽ
- സംരക്ഷണ ചുമതലകൾക്കനുസൃതമായി വനസംരക്ഷണ പ്രവർത്തകരുടെ അംഗസംഖ്യ വർദ്ധിപ്പിക്കൽ
- വനസംരക്ഷണ പ്രവർത്തകർക്ക്

പുതിയതായി നൽകേണ്ട ബത്തകൾ, മറ്റ്
സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

- ആദിവാസികളെ വനസംരക്ഷണത്തിന്റെ ഭാഗമാക്കുന്നതിനായി അവരിൽ നിന്നും സംരക്ഷണ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കൽ
- ഉദ്യോഗസ്ഥർക്ക് ഉചിതമായ മുന്തിയ പരിശീലനം
- വനസംബന്ധമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തൽ
- വനം വകുപ്പിൽ നൂതന സാങ്കേതികവിദ്യയും

ആധുനിക ഉപകരണങ്ങളും ലഭ്യമാക്കൽ

വന്യമൃഗങ്ങൾ മൂലമുളള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനുളള നടപടികൾ, നീർത്തടസംരക്ഷണ പരിപാടി

- ആവശ്യാനുസരണം ജോലിക്കാരുടെ അഭാവം ഉളള വന സംബന്ധ ജോലികൾ യന്ത്രവൽക്കരിക്കൽ
- ആദിവാസികൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഭരണപരമായ ചട്ടക്കൂടുകൾ സംബന്ധിച്ച ശുപാർശകൾ
- വകുപ്പുജീവനക്കാർക്ക് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ സാമ്പത്തിക അധികാര വികേന്ദ്രീകരണം
- വനം വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തൽ
- വനത്തിന് പുറത്തുളള പ്രദേശത്ത് വൃക്ഷവൽക്കരണം ശക്തിപ്പെടുത്തുക

| | | |
|---|---|---|
| ഡി | പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ? | കമ്മിറ്റിയുടെ ശുപാർശകൾ ബഹു:വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്യോഗസ്ഥതല മീറ്റിംഗിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഉടൻ നടപ്പിലാക്കാൻ സാധ്യമായ മിക്ക ശുപാർശകളിലും നടപടി ആരംഭിച്ചിട്ടുണ്ട്. ബാക്കി ശുപാർശകൾ തുടർന്ന് പരിശോധിക്കാനും തീരുമാനമായി. |

സെക്ഷൻ ഓഫീസർ